**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** **29-07-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ പുതിയകാലം പുതിയസേവനം എന്ന മുദ്രാവാക്യം മുൻനിർത്തി പൊതുജനങ്ങൾക്കായി നൽകി വരുന്ന സേവനങ്ങളെകുറിച്ച് വിശദമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ പുതിയ കാലം പുതിയ സേവനം എന്ന മുദ്രാവാക്യം മുൻനിർത്തി പൊതുജനങ്ങൾക്കായി നൽകി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു. 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം 3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം 4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ. 5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം. 6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം 7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം 8. സ്പെഷ്യൽ മാരേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം 9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം 10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം 11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം 12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം 13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം 14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം 15. സബ് രജിസ്ട്രാർ ഓഫീസുകളിൽ സംരക്ഷിച്ചു പോരുന്ന ആധാര വിവരങ്ങൾ അടങ്ങിയ റെക്കോർഡ് വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്ത്, ആധാരപകർപ്പുകൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന അനശ്വര പദ്ധതി. ഈ പദ്ധതി 6 തെക്കൻ ജില്ലകളിൽ നടപ്പിലാക്കി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് നവീകരിക്കുന്നത്; വിശദമാക്കാമോ? | (ബി) | പൊതുജനങ്ങൾക്കായുള്ള സേവനത്തിന്റെ ഭാഗമായി ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സബ് രജിസ്ട്രാർ ഓഫീസ് കിഫ്ബി പദ്ധതി പ്രകാരം നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹരിപ്പാട് സബ് രജിസ്ട്രാർ ഓഫീസ് റവന്യൂ ടവറിലും മാന്നാർ സബ് രജിസ്ട്രാർ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി പ്രകാരം പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം ആരംഭിച്ചു. ആലപ്പുഴ രജിസ്ട്രേഷൻ കോംപ്ലക്സിൽ പൊതുജനങ്ങൾക്ക് വേണ്ടി ജെൻഡർ ഫ്രണ്ട്ലി ടോയ്ലറ്റ് നിർമാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ